**ശ്രദ്ധക്ഷണിക്കൽ**

(1) ജലാശയങ്ങളിലെ മാലിന്യങ്ങളും മണലും പോളയും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോബ് മൈക്കിൾ: സർ, കേരളത്തിലെ പതിനാല് ജില്ലകളിലെയും ജലാശയങ്ങളിൽ മാലിന്യങ്ങളും മണലും മറ്റും അടിഞ്ഞുകൂടി, സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെട്ട് വെള്ളം കെട്ടിക്കിടക്കുന്നത് ജലഗതാഗതത്തെയും ജലാശയത്തിന്റെ പരിസരത്ത് താമസിക്കുന്ന ജനങ്ങളെയും ഒരുപോലെ ബുദ്ധിമുട്ടിക്കുന്നു. മാലിന്യത്തോടൊപ്പം പോളകൂടി നിറയുന്നതോടെ ചെറുവള്ളങ്ങൾക്കുപോലും പോകാൻ സാധിക്കാത്ത സ്ഥിതിയാകുന്നു. ഇതുമൂലം വെള്ളപ്പൊക്കം സൃഷ്ടിക്കൽ, ജലജന്യ രോഗങ്ങളും മറ്റുമുണ്ടാകുകയാണ്. കേരളത്തിലെ പതിനാല് ജില്ലകളിലും ഇത് വലിയ പ്രശ്നമായി മാറിക്കഴിഞ്ഞു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ മാലിന്യവും എക്കലും മറ്റും നിറയുന്നതിനോടൊപ്പം പോളകൂടി നിറയുമ്പോൾ കൃഷിക്കാർക്ക് കൃഷിയിറക്കാൻ സാധിക്കുന്നില്ല. അതോടൊപ്പം വലിയ മഴ പെയ്യുമ്പോൾ വെള്ളപ്പൊക്കമുണ്ടാകുന്നു. ഒത്തിരിയേറെ ജനങ്ങൾക്ക് അതുമൂലം ബുദ്ധിമുട്ടുണ്ടാകുകയാണ്. കുട്ടനാടൻ പ്രദേശത്തും അതുപോലെ എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിൽ അപ്പർ കുട്ടനാട്ടിലും ഏറ്റുമാനൂർ, ചെങ്ങന്നൂർ, തിരുവല്ല എന്നീ പ്രദേശത്തുമൊക്കെ ഈ സ്ഥിതിമൂലം ജനങ്ങൾ

വളരെയധികം ബുദ്ധിമുട്ടുകയാണ്. ജലാശയങ്ങളിൽ മാലിന്യവും മണലും അടിഞ്ഞുകൂടുന്നതുമൂലം സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. അതോടൊപ്പം ചെറിയ അരുവികളിലും നദികളിലും തോടുകളിലും ജലാശയങ്ങളിലുമൊക്കെ ഇങ്ങനെയുള്ള മണലും മാലിന്യങ്ങളും അടിയുന്നതുമൂലം വളരെയധികം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും എല്ലാരംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നിലവിൽ എല്ലാവർഷവും പോള വാരുവാൻ ധാരാളം തുക ചെലവഴിക്കുന്നുണ്ടെങ്കിലും ആറുമാസം കഴിയുന്നതിനുമുമ്പ്, വളരെ കുറച്ചുദിവസങ്ങൾക്കുള്ളിൽത്തന്നെ പോള നിറയുന്ന അവസ്ഥ വീണ്ടും ഉണ്ടാകുകയാണ്. ഇതുമൂലം സർക്കാരിന്റെ ഖജനാവിന് വലിയ നഷ്ടമുണ്ടാകും. പക്ഷേ കുറച്ചുനാളത്തേയ്ക്കുമാത്രമേ ജനങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്നുള്ളൂ. അതുകൊണ്ട് ഇതിനൊരു പരിഹാരമായി രണ്ട് വർഷം കാലാവധി വച്ച് റണ്ണിംഗ് കോൺട്രാക്ടായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇന്ന് കേരളത്തിലെ പല ജില്ലകളിലും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. മഴക്കാലം ആരംഭിച്ചുകഴിഞ്ഞാൽ ജലാശയങ്ങളിൽ ഇങ്ങനെയുള്ള മാലിന്യങ്ങൾ നിറഞ്ഞ് കവിയുകയാണ്. തിരുവനന്തപുരംത്ത് അതിനുദാഹരണമുണ്ട്. തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം

അടിഞ്ഞുകൂടി വലിയ വെള്ളപ്പൊക്കമുണ്ടായത് തിരുവനന്തപുരം ജില്ലയെത്തന്നെ സ്തംഭിപ്പിക്കുന്ന വിഷയമുണ്ടായി. അതുപോലെ കുട്ടനാടൻ പ്രദേശത്തും ചങ്ങനാശ്ശേരിയിലെ അപ്പർകുട്ടനാട്, പായിപ്പാട്, വാഴപ്പള്ളി, കുറിച്ചി തുടങ്ങിയ പഞ്ചായത്തുകളിലും തിരുവല്ലയിലും ചെങ്ങന്നൂരിലും കോട്ടയം ജില്ലയിലെ ഏറ്റുമാനൂരുമൊക്കെ ഇത്തരത്തിലുള്ള വിഷയമുണ്ടായിട്ടുണ്ട്. അതുകൊണ്ട് അടിയന്തരമായി സർക്കാർ ഇടപെട്ട് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കേരളത്തിലെ തോടുകളിലും അരുവികളിലും ജലാശയങ്ങളിലും നിറഞ്ഞുകിടക്കുന്ന പോളകളും മാലിന്യങ്ങളും എക്കലും മണലും എടുത്തുമാറ്റാനുള്ള അടിയന്തര നടപടി സ്വീകരിച്ചാൽ കേരളത്തിലെ നെൽക്കർഷകർക്കും അതുപോലെ ഉൾനാടൻ ഗതാഗതത്തിനും വളരെയധികം പ്രയോജനം ചെയ്യും. ആ രീതിയിലുള്ള നടപടികളിലേയ്ക്ക് ഞാൻ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., സമൂഹത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് അവതരിപ്പിച്ചത്. ഭൂവിനിയോഗത്തിലും ജീവിതശൈലിയിലുമുണ്ടായ മാറ്റമാണ് സംസ്ഥാനത്തെ നദികളും തോടുകളും ഉൾപ്പെടെയുള്ള ജലസ്രോതസുകളും

കായലുകളും അനിയന്ത്രിതമായ തോതിൽ മാലിന്യമടിയുന്നതിന് കാരണമാകുന്നത്. ഡാമുകളും കുളങ്ങളുംപോലുള്ള ജലസ്രോതസ്സുകളൊഴികെ മറ്റുള്ളവ പൂർണ്ണമായും മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റുജീവജാലകങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന ഗുണനിലവാരം നിലനിർത്താൻ സാധിക്കും. ഇതിനായി വർധിച്ച തോതിലുള്ള ജനപങ്കാളിത്വവും  പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുദ്ധീകരിച്ച ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യനിക്ഷേപമോ മലിന ജലമോ എത്തുന്നില്ലെന്ന് അതത് സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധതരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യമുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധതലത്തിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ  ജലസേചനവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്. നദീഭാഗങ്ങളുടെ മുകൾഭാഗത്ത് നിർമ്മിച്ചിട്ടുള്ള തടയണകൾ, റഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച ശുദ്ധജലം

മാലിന്യ രൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നത് ക്രമീകരിക്കുന്നതുവഴി താഴ്ഭാഗത്തെ നദീജലത്തിൽ അടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ സാധിക്കും. 2018-19-ലെ മഹാപ്രളയത്തിനുശേഷം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മറ്റും മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊടൊപ്പം എക്കൽ, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസപ്പെടുന്ന സ്ഥിതിയും നിലനിന്നിരുന്നു. ഇത് കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് നൽകുകയും സ്ഥിതിവിവര കണക്കുകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹകരണത്തോടുകൂടിയും ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് 2022-23 കാലഘട്ടത്തിൽ സംസ്ഥാനത്തുടനീളം ഏകദേശം ഒരുകോടി ഘനമീറ്റർ ചെളി, എക്കൽ, മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്തിട്ടുള്ളതാണ്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്കുകുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഇതുകൂടാതെ സംസ്ഥാനത്തെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും രണ്ടുകോടി രൂപ ജലസേചന വകുപ്പിന്റെ വാർഷിക പ്ലാൻ 2024-25-ൽ വകയിരുത്തിയിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം ജലസ്രോതസ്സുകൾ മാലിന്യ മുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാകുന്നതിനുമായി തയ്യാറാക്കിയ അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ മേൽപ്പടി ബജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലാശയത്തിലെ നിലവിലുള്ള ആവാസ വ്യവസ്ഥയുടെ ഭാഗമാണ് പോളകൾ. ഇത് നിരവധി ജലജീവികളുടെ വളർച്ചയെ അനുകൂലിക്കുന്നു. ഇവയെ ഒരേസമയം പെട്ടെന്ന് ഇല്ലാതാക്കുന്നത് നിലവിലുള്ള ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചേക്കാം. വിത്തുകൾ എപ്പോഴും വെള്ളത്തിൽത്തന്നെ നിലനിൽക്കുന്നതിനാൽ water hyacinth പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നത് പ്രായോഗികമായി അസാധ്യമാണ്. വിത്തുകൾ മുളയ്ക്കുകയും സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ വീണ്ടും തഴച്ച് വളരുകയും അതുവഴി നീക്കം ചെയ്ത പോളകൾ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ആയതിനാൽ ഇവയുടെ വളർച്ച നിയന്ത്രിക്കുക മാത്രമാണ് സാദ്ധ്യമായ പരിഹാരം. കായലുകൾ മറ്റ് ജല

സ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലത്തിലെ മാലിന്യത്തിന്റെ പ്രത്യേകിച്ച് കാർഷികാവശ്യത്തിനായി വിനിയോഗിക്കുന്ന രാസവളത്തിന്റെ അവശിഷ്ടം വർദ്ധിക്കുന്നതിനനുസരിച്ച് കുളവാഴ, പോള, പായലുകൾ എന്നിവയുടെ വ്യാപനം വർദ്ധിക്കുതായി കാണുന്നു. ജലസ്രോതസ്സുകളുടെ മലിനീകരണം നിയന്ത്രിക്കുന്നത് വഴി ഇവയുടെ വ്യാപനം കുറയ്ക്കാൻ സാധിക്കുന്നു. തോടുകൾ, കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിന്റെ ഭാഗമായി പോള, പായൽ, കുളവാഴ എന്നിവ നീക്കം ചെയ്യാറുണ്ട്. ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ പക്കൽ കായലിലും പുഴകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കുന്നതിനുള്ള ഡ്രഡ്ജറുകൾ, സിൽറ്റ് പുഷർ, പോളയും പായലും നീക്കം ചെയ്യുന്ന വീഡ് ഹാർവെസ്റ്റർ എന്നീ യന്ത്രങ്ങളുണ്ട്. ഇവ ഉപയോഗിച്ച് പോളകൾ, പായൽ, കുളവാഴകൾ എന്നിവ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നീക്കം ചെയ്ത് വരാറുണ്ട്. ആനുകാലികമായി ഇവ നീക്കം ചെയ്യുന്നതിലൂടെയും ജലാശയത്തിൽ ആവശ്യത്തിന് ഒഴുക്ക് ഉറപ്പാക്കുന്നതിലൂടെയും അവ നേരിട്ട് കടലിലേക്ക് ഒഴുകുകയും വളർച്ച മന്ദഗതിയിലാവുകയും പിന്നീട് വാടിപ്പോകുകയും ചെയ്യും. എന്നാൽ, ജലസംഭരണം ചെയ്യേണ്ടത് കാരണം

എല്ലാ സമയങ്ങളിലും മതിയായ ഒഴുക്ക് ഉറപ്പാക്കാൻ കഴിയില്ല. ഒഴുക്ക് കുറവുള്ള മാസങ്ങളിൽ, ആഴത്തിലുള്ള വേരുകൾ രൂപപ്പെടുകയും അതുവഴി ജലഗതാഗതത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെ പ്രൊപ്പല്ലറുകൾക്ക് ഭീഷണിയാകുന്നു. തെങ്ങ് പോലുള്ള വിളകൾക്ക് പച്ചില വളമായി കുളവാഴ ഉപയോഗിക്കുന്നത് പ്രായോഗികമാണെന്ന് കൃഷി വകുപ്പിൽ നിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ കായംകുളത്ത് സ്ഥിതി ചെയ്യുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ സൂക്ഷ്മാണുക്കളെ ഉപയോഗിച്ച് കുളവാഴയെ നല്ല ഗുണനിലവാരമുള്ള കമ്പോസ്റ്റ് ആക്കി മാറ്റുന്നതിനുള്ള സാങ്കേതികത വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. കുളവാഴയിൽ ജലാംശം 95 ശതമാനം വരെയുള്ളതിനാൽ അതിന്റെ ബയോമാസ് കൂടുതലായതിനാൽ അവ മറ്റിടങ്ങളിലേക്ക് കൊണ്ടുപോകുവാൻ ഗതാഗത ചെലവ് കൂടുതലായിരിക്കും. ആയതുകൊണ്ട് അതാത് പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതാണ് ഉചിതം. കളവാഴകൾ നീക്കം ചെയ്ത് കമ്പോസ്റ്റാക്കി മാറ്റുന്നതിനും മറ്റ് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതിനും ഉതകുന്ന സ്വയം തൊഴിൽ പദ്ധതികൾക്ക് വ്യവസായ വകുപ്പ് മുഖാന്തിരം രൂപം

നൽകാവുന്നതാണ്. കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവയെ കാലിത്തീറ്റയാക്കി മാറ്റുന്നതിന്റെ പ്രവർത്തനക്ഷമത അതിന്റെ സാമ്പത്തിക സാധ്യതയ്ക്കും ഫിനിഷ്ഡ് ഉൽപ്പന്നത്തിന്റെ സുരക്ഷിതത്വത്തിനും വിധേയമായിരിക്കും. കുളവാഴ മലിനീകരണങ്ങൾ വലിച്ചെടുക്കുന്ന സസ്യമായതിനാൽ ഇതിൽ നിന്നുണ്ടാക്കുന്ന കാലിത്തീറ്റയിലും അത്തരം മാലിന്യങ്ങളുടെ അംശമുണ്ടാവാനുള്ള സാധ്യത ഉണ്ട്. കുട്ടനാട്ടിലെ International Research and Training Centre-ൽ അപകടകാരിയായ അക്വാട്ടിക് കളകളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ച് ഗവേഷണം നടത്തുന്നുണ്ട്. ഗൃഹാലങ്കാരങ്ങൾ, പായകൾ, ടേബിൾ മാറ്റുകൾ, കൊട്ടകൾ, ആർട്ട്പേപ്പർ, ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നത് പോലെയുള്ള മറ്റു മാർഗ്ഗങ്ങളിൽ Eco Tech-എന്ന ഒരു സ്റ്റാർട്ട്-അപ് കൂടുതൽ കാര്യങ്ങൾ ചെയ്തു വരുന്നു. ജലസ്രോതസ്സുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ പോള, കുളവാഴ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് ജലസേചന വകുപ്പിന് സഹായിയായി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. ജലസ്രോതസ്സുകളുടെ തീരത്ത് അസംസ്കൃത വസ്തുക്കൾ

ഉണക്കുന്നതിനും നിർമ്മാതാക്കൾക്ക് വിതരണം ചെയ്യുന്നതിനും MGNREGS (Mahatma Gandhi National Rural Employment Guarantee Scheme) പ്രവർത്തകരെ ഉപയോഗപ്പെടുത്തി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ മാത്രമേ നീക്കം ചെയത് വലിയ തോതിൽ ഇവ ഉപയോഗിക്കാൻ കഴിയൂ. കൃഷി വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും യഥാക്രമം സജീവമായ പങ്കാളിത്തവും വ്യാപകമായ പ്രചാരണവും ഉണ്ടെങ്കിൽ മാത്രമേ നീക്കം ചെയ്ത കുളവാഴ, പോള എന്നിവയെ ജൈവവളമായും കാലിത്തീറ്റയായും വിനിയോഗിക്കാൻ കഴിയൂ. ഈ വിഷയത്തിൽ പല വകുപ്പുകൾ തമ്മിലുള്ള ഏകോപനവും സഹകരണവും ആവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവപൂർവ്വമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിലും നല്ല നിലയിൽ ചർച്ച ചെയ്യപ്പെട്ടൊരു വിഷയമാണ്. വിവിധ വകുപ്പുകളുടെ സഹകരണം ഇതിനകത്ത് ആവശ്യമുണ്ട്. ഈ വിഷയം ശാശ്വതമായി പരിഹരിക്കാൻ കഴിയത്തക്ക ഏത് മാർഗ്ഗമാണെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചു വരുന്നു. അത് ഗൗരവപൂർവ്വം കാണും. സാദ്ധ്യമായ എല്ലാ സാഹചര്യങ്ങളും

പ്രയോജനപ്പെടുത്തി ഈ വിഷയത്തിന് പരിഹാരം കണ്ടെത്തണമെന്നുള്ളതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, അപ്പർ കുട്ടനാട്ടിലെ ജനങ്ങൾ പോളശല്യവും മാലിന്യശല്യവും കാരണം ജീവിക്കാൻ നിവർത്തിയില്ലാതെ വാസസ്ഥലങ്ങൾ വിട്ടുപോകുന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് പോളയും, എക്കലും, മണലും നീക്കം ചെയ്യാൻവേണ്ടി ഒരു ടേം ആയി അനുവാദം നൽകിയാൽ ജനങ്ങൾക്കത് പ്രയോജനപ്പെടില്ല. റണ്ണിംഗ് കോൺട്രാക്ട് കൊടുത്ത് ഒരു വർഷത്തേക്കോ രണ്ട് വർഷത്തേക്കോ സ്ഥിരമായി പോളയും മാലിന്യങ്ങളും മാറ്റുവാൻ വേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സ്വീകരിക്കുമോ? അങ്ങനെ സ്വീകരിച്ചാൽ അപ്പർ കുട്ടനാട്ടിലെ ജനങ്ങളോടൊപ്പം തന്നെ പത്തനംതിട്ടയിലെയും കോട്ടയത്തെയും ജനങ്ങൾക്ക് അത് പ്രയോജനപ്പെടും. റണ്ണിംഗ് കോൺട്രാക്റ്റിൽക്കൂടി പോളയും മാലിന്യങ്ങളും നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, റണ്ണിംഗ് കോൺട്രാക്ട് കുഴപ്പമില്ല. പക്ഷേ അത് ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന വിഷയങ്ങളെ സംബന്ധിച്ച് പ്രശ്നം വരും.

അതുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യം, ഇവിടെ സൂചിപ്പിച്ചതുപോലെ വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, എൽ.എസ്.ജി.ഡി., തദ്ദേശസ്വയംഭരണ വകുപ്പ് അങ്ങനെ മന്ത്രിമാർ അടങ്ങുന്ന തലത്തിലുള്ള ഗൗരവപൂർവ്വമായൊരു യോഗം വിളിച്ച് കൊണ്ടുപോകുന്ന സാധനങ്ങൾ എന്ത് ചെയ്യാൻ പറ്റുമെന്നുള്ള കാര്യംകൂടി നോക്കിയില്ലെങ്കിൽ പ്രായോഗികമായി അത് വിജയകരമാകുമോ എന്ന് സംശയമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കാര്യം പൂർണ്ണമായും പരിഗണിക്കാം. അതിന് മുമ്പായി ഇത്തരത്തിലുള്ളൊരു ഹൈലെവർ മീറ്റിംഗ് ചേർന്നതിനുശേഷം എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുന്നത് എങ്ങനെ വേണം എന്ന് പരിഗണിക്കുന്ന സന്ദർഭത്തിൽ റണ്ണിം കോൺട്രാക്ട് വ്യവസ്ഥയും കൂടി പരിഗണിക്കാവുന്നതാണ്.

## (2) കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനും അന്തർ ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനും നടപടി

ശ്രീ. സജീവ് ജോസഫ്: സർ, വടക്കേ മലബാറിന് പുത്തൻ പ്രതീക്ഷകൾ സമ്മാനിച്ച കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ

ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

കണ്ണൂർ വിമാനത്താവളത്തിന്റെ നിലവിലെ അവസ്ഥ ഏറെ നിരാശപ്പെടുത്തുന്നതാണ്. 2300 ഏക്കറിലേറെ ഭൂമി 3050 മീറ്റർ റൺവെ 97000 സ്ക്വയർ മീറ്റർ ടെർമിനൽ 20 വിമാനങ്ങൾക്ക് പാർക്കിംഗ് സൗകര്യം തുടങ്ങി മുൻനിര വിമാനത്താവളങ്ങളോട് കിടപിടിക്കാവുന്ന സൗകര്യങ്ങളെല്ലാം ഒരുക്കിയാണ് കണ്ണൂർ വിമാനത്താവളം 2018-ൽ പ്രവർത്തനമാരംഭിച്ചത്. തുടക്കത്തിൽ നാല് വിമാന കമ്പനികൾ സർവ്വീസ് നടത്തിയ കണ്ണൂരിൽ ഇന്ന് ഇറങ്ങുന്നത് എയർ ഇന്ത്യ എക്സ്പ്രസും ഇൻഡിഗോയും മാത്രമാണ്. അഞ്ചര വർഷം പിന്നിട്ടിട്ടും പോയിന്റ് ഓഫ് കോൾ പദവി ലഭിക്കാത്തതിനാൽ വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല. ഇന്ത്യൻ എയർ ലൈനുകളുടെ കൂടുതൽ സർവ്വീസുകളും അനുവദിക്കപ്പെടുന്നില്ല. കണ്ണൂർ വിമാനത്താവളത്തോട് കേന്ദ്രം കാണിക്കുന്നത് കടുത്ത വിവേചനമാണ്. ഈ നിഷേധാത്മകമായ നിലപാട് തിരുത്താൻ കേരളം ഒറ്റക്കെട്ടായി മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ കോടികൾ ചെലവഴിച്ചും

എണ്ണായിരത്തോളം സ്വകാര്യ നിക്ഷേപകർ അവരുടെ അധ്വാനത്തിന്റെ പങ്ക് മാറ്റിവച്ചും നിർമ്മിച്ച വിമാനത്താവളം വടക്കേ മലബാറിന്റെയാകെ വികസനത്തിന് വഴിതുറക്കേണ്ടതായിരുന്നു. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമീപനം കാരണം ഈ സൗകര്യങ്ങളെല്ലാം ജനത്തിന് പ്രയോജനമില്ലാതെ നശിച്ച് പോകുന്ന സ്ഥിതിയാണുള്ളത്. പ്രാഥമിക ആവശ്യമായ കണ്ണൂരിൽ നിന്ന് എയർപോട്ടിലേക്കുള്ള റോഡ് പോലും ഇന്ന് യാഥാർത്ഥ്യമായിട്ടില്ല. കുറഞ്ഞ ചെലവിൽ വിമാന യാത്രകൾ സാദ്ധ്യമായിരുന്ന UDAN (Ude Desh Ka Aam Naagrik) പദ്ധതി കണ്ണൂർ വിമാനത്താവളത്തിന് കുതിപ്പേകിയിരുന്നു. പക്ഷേ, അതിപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. വിമാനത്താവളത്തിനായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി പ്രയോജനപ്പെടുത്തി ഹോട്ടലുകൾ സ്ഥാപിക്കാനായി KIAL (Kannur International Airport)-ന് കഴിഞ്ഞിട്ടില്ല. അതുമൂലം വിമാന സർവ്വീസ് നടത്താൻ കമ്പനികൾ മടിക്കുകയാണ്. User Development Fee കുത്തനെ ഉയർത്തിയതുകൊണ്ട് രണ്ടായിരത്തിലധികം രൂപയോളം ടിക്കറ്റ് നിരക്കിൽ വർദ്ധനവുണ്ടായത് യാത്രക്കാരുടെ എണ്ണം കുറച്ചു. KIAL-ലെ നിയമനങ്ങളും

കരാറുകളും സംബന്ധിച്ച് വലിയ പരാതികളാണ് ഉയർന്ന് വരുന്നത്. ഏറ്റവുമൊടുവിൽ തന്ത്രപ്രധാന ചുമതലക്കാരായ ചീഫ് സെക്യൂരിറ്റി ഓഫീസർ, ഫയർ സർവ്വീസ് ഹെഡ് തുടങ്ങിയവരെ നിയമിച്ചത് മാനദണ്ഡങ്ങൾ പാലിക്കാതെയാണ്. നിയമവിരുദ്ധമായ വിവിധ കരാറുകളിലൂടെയും മറ്റും KIAL-ജീവനക്കാർ വരുത്തിവച്ച നഷ്ടം വളരെ ഭീമമാണ്. സംസ്ഥാന സർക്കാർ സെന്റിന് 8,75,000/- രൂപ വരെ ചെലവിട്ടാണ് 2300 ഏക്കർ ഭൂമി വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയത്. ഓരോ വർഷവും കോടിക്കണക്കിന് രൂപ വിമാനത്താവളത്തിനായി അനുവദിക്കുകയാണ്. സംസ്ഥാന സർക്കാർ നൽകിയ letter of comfort-ന്റെ അടിസ്ഥാനത്തിലാണ് KIAL-ന് ബാങ്കിംഗ് കൺസോർഷ്യം 892 കോടി രൂപ വായ്പ അനുവദിച്ചിട്ടുള്ളത്. ബജറ്റ് വിഹിതമായി KIAL-ന് ഫണ്ട് നൽകി. കൂടാതെ കടം തീർക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷം 79.86 കോടി രൂപ നൽകി. ഏറ്റവും അവസാനം സർക്കാരിന്റെ 51 ശതമാനം ഓഹരി പണയം വച്ച് 1271 കോടി രൂപയുടെ വായ്പ ക്രമവൽക്കരണം നടത്തിയിരിക്കുകയാണ്. വിമാനത്താവളത്തെ ലാഭത്തിലാക്കാനായി പൊതുമേഖലാ സ്ഥാപനമായ

കിറ്റ്കോ നൽകിയ റിപ്പോർട്ട് കയ്യിലിരിക്കെ KPMG -യെ നിയോഗിച്ചത് സംശയകരമാണ്. 17 കോടി രൂപയാണ് അവർക്ക് കൊടുത്തത്. ഇത്രയും കാലത്തിനിടെ KPMG-യുടെ ഇടപെടൽ ഉണ്ടായിട്ടും എന്തുകൊണ്ട് വിമാനത്താവളം ലാഭത്തിലാകുന്നില്ല, കൂടുതൽ സർവ്വീസുകൾ നമുക്ക് ആരംഭിക്കാൻ സാധിക്കുന്നില്ല. 2023-24-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഭീമമായ 750 കോടി രൂപയുടെ നഷ്ടത്തിൽ പോകുമ്പോഴാണ് അന്നേക്ക് 7 മാസം മുമ്പ് നിയമിതനായ എയർപോർട്ട് എം.ഡി.-ക്ക് വാർഷിക ശമ്പളം 38.90 ലക്ഷത്തിൽ നിന്നും 50.16 ലക്ഷമായി ഉയർത്തിയത്. അതായത് ഒറ്റയടിക്ക് 12 ലക്ഷം രൂപയുടെ വർദ്ധനവാണ് വാർഷിക ശമ്പളത്തിൽ ഉണ്ടായിരിക്കുന്നത്. ഇതെങ്ങനെ നീതികരിക്കാൻ കഴിയും. സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുകയും നിത്യ ചെലവ് നടത്തുകയും വായ്പ തിരിച്ചടയക്കുകയും ചെയ്യുമ്പോഴും സി&എ.ജി ഓഡിറ്റ് അനുവദിക്കുന്നില്ല. സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതം 35 ശതമാനത്തിൽ താഴെയാണെന്ന് വാദിച്ചാണ് ഓഡിറ്റ് ഒഴിവാക്കുന്നത്. കൂടാതെ വിവരാവകാശവും നിഷേധിച്ചിരിക്കുന്നു. വിവരാവകാശം ബാധകമാക്കാൻ

എന്താണ് തടസ്സമുള്ളത്. KIAL Public Limits Company ആണെന്നും അല്ലെന്നുമുള്ള പരസ്പര വിരുദ്ധമായിട്ടുള്ള വാദങ്ങളുടെ നിജസ്ഥിതി അറിയാൻ താൽപര്യമുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും ബി.പി.സി.എൽ-ഉം സംസ്ഥാന സർക്കാരുമാണ് പ്രധാന ഓഹരി ഉടമകൾ എന്ന കാര്യം ആരും വിസ്മരിക്കരുത്. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കമ്പനിയുടെ ചെയർമാൻ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടം വരെ സി&എ.ജി ഓഡിറ്റ് നടന്ന സ്ഥാപനമാണിത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടം മുതലാണ് ഓഡിറ്റ് അനുവദിക്കാത്ത സ്ഥിതിയുള്ളത്. ഇത്രയേറെ കോടികളുടെ പൊതുഫണ്ട് വിമാനത്താവളത്തിനുവേണ്ടി ചെലവഴിക്കുമ്പോഴും ഓഡിറ്റിൽ നിന്നും സി&എ.ജി - യെ ഒഴിവാക്കിയത് ദൗർഭാഗ്യകരമാണ്. വടക്കേ മലബാറിലെ വലിയ വികസന പദ്ധതിയുടെ ഭാഗമാകാൻ താൽപ്പര്യപ്പെട്ട് വിമാനത്താവള കമ്പനിയിൽ ഓഹരിയെടുത്തവർ വഞ്ചിതരാക്കപ്പെട്ടിരിക്കുകയാണ്. അവരിപ്പോൾ പരാതി കൊടുത്തിരിക്കുകയാണ്. അത് ഗൗരവമായി കാണണം. കഴിഞ്ഞ അഞ്ച് വർഷമായി പൊതുയോഗം ഓൺലൈൻ ആയി ചേരുകയാണ്. നേരിട്ട് യോഗം

വിളിക്കണമെന്ന് ഓഹരി ഉടമകൾ ആവശ്യപ്പെട്ടിട്ടും പരിഗണിച്ചിട്ടില്ല. ഓൺലൈൻ ആയി പങ്കെടുത്താൽ അവർക്ക് യോഗത്തിൽ സംസാരിക്കാൻ അവസരം കൊടുക്കുന്നില്ല. അവരുടെ ലിംഗ് ഡിസേബിൾ ചെയ്യുകയാണ്. ഇത് നാണക്കേടാണ്. സർക്കാരിന്റെ ഓഹരിയും നാട്ടുകാരുടെ ഓഹരിയും സ്വരൂപിച്ച് ആരംഭിച്ച കണ്ണൂർ എയർപോർട്ട് നാടിനൊരു മുതൽക്കൂട്ടാണ്. എയർപോർട്ടിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഓഹരി ഉടമകൾ പോലും പരാതികളുമായി വന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ സുതാര്യത ഉറപ്പ് വരുത്താനും ജനങ്ങളെ ബോധ്യപ്പെടുത്താനും കർശന നടപടികൾ സ്വീകരിക്കണം. പരാതികളെക്കുറിച്ച് ഒരു ഉന്നതതല അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. പോയിന്റ് ഓഫ് കോൾ പദവിയും എയർപോട്ടിന്റെ വികസനവും സാദ്ധ്യമാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു സർവ്വകക്ഷി സംഘത്തെ ഡൽഹിയിലേക്ക് പോകാനും കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താനും നടപടി ഉണ്ടാകണമെന്ന് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗത്തിന്റെ ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ പറഞ്ഞ കാര്യവും പ്രസംഗത്തിൽ വിശദമായി പറഞ്ഞ കാര്യവും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. നോട്ടീസിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ആവശ്യകത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ശ്രദ്ധക്ഷണിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ, തുടക്കത്തിലെയും അവസാനത്തെയും വാചകങ്ങൾ മാത്രമാണ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞത്. ബാക്കിയെല്ലാം അദ്ദേഹം മറ്റ് ചില കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. മലബാർ പ്രദേശത്ത് വിദേശ ഇന്ത്യാക്കാരുടെ യാത്രാസൗകര്യങ്ങൾ, ചരക്കുഗതാഗതം എന്നിവ വർധിപ്പിക്കുന്നതിനും ടൂറിസത്തിന്റെ അനന്തസാധ്യതകൾ മുന്നിൽകണ്ടും ആധുനിക വ്യോമയാന മേഖലയോട് കിടപിടിക്കാൻ ഉതകുന്ന അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയ കണ്ണൂർ എയർപോർട്ടിന് 'പോയിന്റ് ഓഫ്

കോൾ പദവി' ലഭിക്കാത്തത് എയർപോർട്ടിന്റെ വളർച്ചയെയും പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയെയും ബാധിക്കുന്നുണ്ട്. പോയിന്റ് ഓഫ് കോൾ പദവി ലഭിച്ചാൽ മാത്രമെ വിദേശവിമാന കമ്പനികൾക്ക് കണ്ണൂരിൽനിന്നും സർവീസുകൾ നടത്താൻ കഴിയുകയുള്ളൂ. നിലവിൽ രാജ്യത്തിനകത്തുള്ള വിമാനകമ്പനികൾക്ക് മാത്രമാണ് വിമാന സർവീസ് നടത്താൻ അനുമതി നൽകിയിട്ടുള്ളത്. ഈ വിമാനകമ്പനികൾക്ക് ആവശ്യാനുസരണം സർവീസ് നടത്താൻ വിമാനങ്ങൾ ലഭ്യവുമല്ല. അതിനാലാണ് യാത്രക്കാർ കൂടുതലുണ്ടെങ്കിലും കണ്ണൂരിൽ വിമാനസർവീസുകൾ ആവശ്യമനുസരിച്ച് നടത്താൻ സാധിക്കാത്തത്. കൂടുതൽ വിമാന സർവീസുകൾക്ക് അവസരമുണ്ടായാൽ എയർപോർട്ടിൽ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും അനുബന്ധ വികസനം സാധ്യമാക്കാനും സാധിക്കും. എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി ലഭ്യമാകാത്തതുകാരണം ഉത്തരമലബാറിലെ ജനങ്ങളുടെ യാത്രാവശ്യങ്ങൾ നിറവേറ്റുന്നതിനും ലഭ്യതയനുസരിച്ചുള്ള ചരക്കുനീക്കം നടത്തുന്നതിനും വിഘാതങ്ങളുണ്ടാകുന്നുണ്ട്. കണ്ണൂർ ജില്ലയ്ക്കും കാസർഗോഡ് വയനാട് കോഴിക്കോട് ജില്ലയുടെ ഭൂരിഭാഗം

പ്രദേശങ്ങൾക്കും പ്രയോജനകരമായ കണ്ണൂർ എയർപോർട്ട് കൂർഗ്, മൈസൂർ, മംഗലാപുരം എന്നിവിടങ്ങളിലെ യാത്രക്കാരുടെ ബദൽ എയർപോർട്ട് കൂടിയാണ്. കണ്ണൂർ എയർപോർട്ടിൽ കോഡ്-ഡി/വൈഡ് ബോഡി വിമാനങ്ങൾക്ക് സർവീസ് നടത്താൻവേണ്ട എല്ലാ സജ്ജീകരണങ്ങളും സുരക്ഷാസംവിധാനങ്ങളുമുണ്ട്. വ്യോമയാനരംഗത്ത് ആവശ്യമായ എം.ആർ.ഒ. (Maintenance, Repair, and Overhaul), എയ്റോസിറ്റീസ്, ഏവിയേഷൻ അക്കാദമികൾ എന്നിവയ്ക്ക് ആവശ്യമായ ഭൂമിയും ലഭ്യമാണ്. കിയാൽ (KIAL-Kannur International Airport Limited) ഈ സാമ്പത്തിക വർഷം 1.5 മില്യൺ യാത്രക്കാരും 180 കോടി ടേൺഓവറും വരുന്ന അപൂർവനേട്ടം കൈവരിച്ച് ബ്രേക്ക് ഇവൻ പോയിന്റ് കടക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം, പോയിന്റ് ഓഫ് കോൾ പദവികൂടി ലഭ്യമാകുകയാണെങ്കിൽ കണ്ണൂർ എയർപോർട്ടിന് വൻകുതിച്ചുചാട്ടം നടത്താൻ കഴിയും. എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി നൽകണമെന്ന് നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ, ഇക്കാര്യം മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട കേന്ദ്ര

സിവിൽ ഏവിയേഷൻ വകുപ്പുമന്ത്രിയെയും നേരിൽകണ്ട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. 2023-സെപ്റ്റംബർ 7-ന് പാർലമെന്റ് സ്റ്റാൻഡിങ് കമ്മിറ്റി എയർപോർട്ട് സന്ദർശിച്ച് പോയിന്റ് ഓഫ് കോൾ പദവി ലഭിക്കാൻ അർഹതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് എയർപോർട്ടുകളുമായി കിയാലിന്റെ പ്രാദേശിക കണക്ടിവിറ്റി വർധിപ്പിക്കുന്നതിനായി UDAN സ്കീമിലുൾപ്പെടുത്തി എയർ റൂട്ടുകൾ അനുവദിക്കണമെന്നും ഒരു നിശ്ചിത സമയത്തേയ്ക്ക് വിദേശവിമാന കമ്പനികൾക്ക് സർവീസ് നടത്താവുന്ന രീതിയിൽ ഓപ്പൺ സ്കൈ പോളിസി നടപ്പാക്കണമെന്നും കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2024-ന് സെപ്റ്റംബർ 28-ന് സമർപ്പിച്ച മെമ്മൊറാണ്ടത്തിൽ മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, പോയിന്റ് ഓഫ് കോൾ പദവി സംബന്ധിച്ച് കേന്ദ്രസർക്കാർ ഇതുവരെ അനുകൂലമായ ഒരു തീരുമാനത്തിലേക്ക് പോകാത്ത സാഹചര്യം നിലനിൽക്കുകയാണ്. മാത്രമല്ല, അങ്ങനെയൊരു സൂചനപോലും നൽകുന്നില്ല. ഇത്തരമൊരു ഘട്ടത്തിൽ പ്രതിസന്ധികൾ കൂടാൻ പോകുകയാണ്. ഈ പ്രതിസന്ധിയെ മറികടക്കാൻവേണ്ടി പ്രത്യേകമായി

സർക്കാർ പ്ലാൻ ബി മുന്നോട്ടുവയ്ക്കേണ്ടതുണ്ട്. അതിനാൽ പ്രതിസന്ധിയെ മറികടക്കാനും ജനങ്ങളുടെ ആശങ്കകളെ അകറ്റാനും പ്രത്യേകിച്ച് ഷെയർ ഹോൾഡേഴ്സ് ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും പ്ലാൻ ബി മുന്നോട്ടുവയ്ക്കുന്നുണ്ടോ; അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, പോയിന്റ് ഓഫ് കോൾ പദവി കണ്ണൂർ എയർപോർട്ടിന് അർഹമാണെന്നതിന് ഏറ്റവും വലിയ തെളിവ് പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശയാണ്. എയർപോർട്ട് സന്ദർശിച്ചശേഷമാണ് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ആ ശിപാർശ നൽകിയിട്ടുള്ളത്. എന്നിട്ടും കേന്ദ്രസർക്കാർ അത് ഇതുവരെയും അനുവദിച്ചിട്ടില്ല. സംസ്ഥാനസർക്കാർ ഇക്കാര്യത്തിൽ വളരെ കാര്യക്ഷമവും ഫലപ്രദവുമായ ഇടപെടലാണ് നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയെകണ്ട് ആവശ്യപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ഞാനിവിടെ പറഞ്ഞു. അതുപോലെ, കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയെ ഈ സെപ്റ്റംബറിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടുപോയി കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത്. ബഹുമാന്യനായ അംഗത്തിന്റെ മുന്നണിയിൽപ്പെട്ട

19 എം.പി.-മാർ ഡൽഹിയിലുണ്ട്. അവർക്ക് ഇക്കാര്യത്തിൽ ഇടപെടൽ നടത്താൻ സാധിക്കും. അവർ ഇതുവരെ ഏത് തരത്തിലുള്ള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത് എന്നതിന്റെ വിവരം എനിക്ക് ലഭ്യമല്ല. കേരളത്തിന്റെ എം.പി.-മാർ എല്ലാവരും കൂട്ടായ ഇടപെടൽ നടത്തേണ്ടതുണ്ട്. ഞങ്ങളുടെ പാർട്ടിയിൽനിന്ന് ലോക്‌സഭയിൽ ഒരു എം.പി.-യാണുള്ളത്. രാജ്യസഭയിലുള്ള എം.പി.-മാരുമുണ്ട്. അവർ തീർച്ചയായും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. സർക്കാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇടപെട്ടുകഴിഞ്ഞു. എം.പി-മാർ കൂട്ടായി സമ്മർദ്ദം ചെലുത്തണം. പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശയുള്ളതിനാൽ പോയിന്റ് ഓഫ് കോൾ പദവിയെ സംബന്ധിച്ച് എം.പി.-മാർക്ക് ന്യായമായും പറയാം. അത് നേടിയെടുക്കാൻ കൂട്ടായി നമുക്ക് ഇടപെടലുകൾ നടത്താമെന്നാണ് പറയാനുള്ളത്.